**കേരളത്തിൽ ആഗസ്റ്റ് 15-നുശേഷം സംഭരണമില്ല**

# കൊപ്രസംഭരണം വർഷത്തിൽ മൂന്നുമാസം മതിയെന്ന് കേന്ദ്രം

എം.പി. സൂര്യദാസ്

**കോഴിക്കോട്:** കൊപ്രസംഭരണം വർഷത്തിൽ മൂന്നുമാസം മാത്രമായി പരിമിതപ്പെടുത്താൻ കേന്ദ്രസർക്കാർ നാഫെഡിന് നിർദേശം നൽകി. കേന്ദ്രകൃഷിമന്ത്രാലയത്തിന്റെ പുതിയ ഉത്തരവുപ്രകാരം ആഗസ്റ്റ് 15-നുശേഷം നാഫെഡ് കേരളത്തിൽനിന്ന് കൊപ്ര സംഭരിക്കില്ല.

താങ്ങുവില പ്രഖ്യാപിച്ച് നാഫെഡ് നടത്തുന്ന കൊപ്രസംഭരണം കേരകർഷകർക്ക് വലിയ ആശ്വാസമാണെന്നിരിക്കെ, കേന്ദ്രസർക്കാറിന്റെ പുതിയ നിർദേശം കർഷകർക്ക് കനത്തതിരിച്ചടിയായി. സംഭരണകാലാവധിക്ക് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ തീരുമാനം, താങ്ങുവില പ്രഖ്യാപിച്ച് കൊപ്ര സംഭരിക്കുന്നതിൽനിന്ന് പിൻവാങ്ങാനുള്ള നീക്കത്തിന്റെ ഭാഗമാണെന്ന് സൂചനയുണ്ട്.

ജൂൺ 19-നാണ് നാഫെഡ് മാനേജിങ് ഡയറക്ടർ സജീവ് ചോപ്ര രാജ്യത്തെ മുഴുവൻ നാഫെഡ് ഓഫീസുകൾക്കും പുതിയ നിർദേശം സംബന്ധിച്ച ഉത്തരവുനൽകിയത്. കേരളത്തിൽ നാഫെഡ് കൊപ്രസംഭരണത്തിന് മലബാർ മേഖലയിൽ കേരഫെഡിനെയും തെക്കൻ ജില്ലകളിൽ മാർക്കറ്റ് ഫെഡിനെയുമാണ് നോഡൽ ഏജൻസിയായി നിശ്ചയിച്ചിരുന്നത്.

2013-ൽ കൊപ്രയ്ക്ക് ക്വിൻറലിന് 5,250 രൂപയാണ് കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിച്ചത്. ഇതുപ്രകാരം കൊപ്ര സംഭരിക്കാൻ നാഫെഡ് കേരഫെഡുമായി മെയ് 15-നും മാർക്കറ്റ് ഫെഡുമായി മെയ് 14-നുമാണ് കരാറിലൊപ്പുവെച്ചത്. ഇങ്ങനെ കരാർ ഒപ്പുവെക്കുമ്പോൾ ഇതിന് മുൻവർഷങ്ങളിലെപ്പോലെ സമയപരിധി നിശ്ചയിച്ചിരുന്നില്ല.

എന്നാൽ പുതിയ ഉത്തരവുപ്രകാരം കരാറിലേർപ്പെട്ട തീയതി മുതൽ മൂന്നുമാസം വരെ മാത്രമേ താങ്ങുവിലയിൽ കൊപ്ര സംഭരിക്കാൻ കഴിയൂ. ഫലത്തിൽ ആഗസ്റ്റ് 15-നുശേഷം കേരളത്തിലെ നാളികേരകർഷകർക്ക് കൊപ്രയുടെ താങ്ങുവിലയുടെ നേട്ടംലഭിക്കില്ല.

വിപണിവിലയേക്കാൾ കൂടിയവിലയിൽ നാഫെഡ് കൊപ്ര സംഭരിക്കുമ്പോൾ ഇതിലുണ്ടാവുന്ന നഷ്ടം കേന്ദ്രസർക്കാർ സബ്സിഡിയായി നാഫെഡിന് നൽകാറുണ്ട്. എന്നാൽ ഈ നഷ്ടത്തിന്റെ 15 ശതമാനം മാത്രമേ നാഫെഡിന് നൽകൂ എന്ന് ഫിബ്രവരി 20-ന് കേന്ദ്രസർക്കാർ ഉത്തരവിട്ടു. നഷ്ടം മുഴുവൻ നികത്തിയില്ലെങ്കിൽ കൊപ്ര സംഭരിക്കാനാവില്ലെന്ന് വ്യക്തമാക്കി ഫിബ്രവരിമുതൽ മെയ് വരെ നാഫെഡ് സംഭരണം നിർത്തിവെച്ചു. ഇത് വിവാദമായതോടെ മെയ് 10-ന് പുതിയ ഉത്തരവുവഴി നാഫെഡിന്റെ നഷ്ടം മുഴുവൻ നികത്താമെന്ന് കേന്ദ്രം വ്യക്തമാക്കി. ഇതേത്തുടർന്നാണ് മെയ് 15-ന് നാഫെഡ് കേരളത്തിൽ സംഭരണം പുനരാരംഭിക്കാനായി കേരഫെഡും മാർക്കറ്റ്ഫെഡുമായി കരാറിലേർപ്പെട്ടത്.

2012-ൽ നാഫെഡ് കേരളത്തിൽനിന്ന് മൊത്തം 18,101 ടൺ കൊപ്രയാണ് 55,000 കർഷകരിൽനിന്ന് സംഭരിച്ചത്.